Registered No. M-4485

Madras War Review, Malayalam—14-7-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ജൂലായി 14-ാംനു, വെള്ളിയാഴ്ച [ലക്കം 45



## വിശേഷമായി

യുദ്ധം അതിഭയങ്കരമായി. മഹത്തായ കാര്യങ്ങൾ പലതും നേടി. നോർമണ്ടിയിൽ ഉള്ള ഐക്യകക്ഷി സൈന്യങ്ങൾക്കു ഇക്കാര്യത്തിൽ പരിപൂർണ്ണമായ കൃതാർത്ഥതക്കു അവകാശമുണ്ടു്. ജർമ്മൻകാർ കിടുകിട വിറച്ചിരിക്കുന്നു. നമ്മുടെ സ്ഥിതിക്കും ധൈര്യത്തിന്നും യാതൊരിളക്കവുമില്ല. വിശേഷമായി. നിസ്സംശയം വിശേഷമായി.

—ജനറൽ മണ്ട്ഗോമറി, ജൂലായി 11-ാം തിയ്യതി

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| വിശേഷമായി .. .. .. | 1 | സർവ്വരാഷ്ട്രങ്ങൾക്കുംകൂടി ഒരു ഏകയോഗക്ഷേമ വ്യവസ്ഥ സ്ഥാപിതമാണോ ? | 7-8 |
| മഹദ്വാക്യങ്ങൾ : മിഥ്യയാകയില്ല .. .. | 2 | കൊടുമല കുങ്കി .. .. .. | 9-11 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3-4 | രണ്ടാം യുദ്ധരംഗത്തിൽനിന്നുള്ള ചില കാഴ്ചകൾ .. | 12 |
| പ്രത്യേക ലേഖനങ്ങൾ .. .. .. | 5-6 | | |


# മഹദ്വാക്യങ്ങൾ : മിഥ്യയാകയില്ല

## പരിപൂർണ്ണവിജയത്തിന്ന്

"അഭൂതപൂർവ്വമായ വിഷമസ്ഥിതികളും ആപത്തുകളും ചൈന നേരിടേണ്ടിവരുന്നുണ്ടെങ്കിലും ഐക്യകക്ഷികൾ ചൈനക്കു നൽകുന്ന സഹായത്തിന്ന് കുറേക്കൂടി ശക്തി കൂട്ടുന്നതായാൽ ചൈനക്കു ഒരു പരിപൂർണ്ണവിജയം കൈവരുവാൻ സാദ്ധ്യമാണെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു."

—ജനറൽ ചിയാങ്ങ് കീ ഷേക്ക് പ്രസിഡെണ്ട് റൂസ്‌വെൽട്ടിന്ന് ജൂലായി 4-ാംനു (അമേരിക്കൻ സ്വാതന്ത്ര്യദിനം) അയച്ച സന്ദേശത്തിൽനിന്ന്.

❖ ❖ ❖ ❖

## സ്വതന്ത്രമനുഷ്യരുടെ മഹോത്സവം

"സ്വാതന്ത്ര്യദിനം സ്വതന്ത്രമനുഷ്യരുടെ മഹോത്സവദിനമാണ്. അമേരിക്കയുടെ സ്വധർമ്മതല്പരതയും, വ്യാവസായികമായ ശക്തിയും, സന്താനങ്ങളുടെ ധൈര്യവും നമ്മുടെ ജനതക്കറിയാമെന്നുമാത്രമല്ല അവരുടെ ബഹുമാനത്തിന്ന് പാത്രീഭവിക്കുകയും ചെയ്തിരിക്കുന്നു. ഫ്രാൻസിലെ ജനത അമേരിക്കയുടെ സ്വാതന്ത്ര്യദിനം ആചരിക്കാതിരിക്കയില്ല; കാരണം ഈ സ്വാതന്ത്ര്യബോധം ഏററവും ഇരുളടഞ്ഞ കാലങ്ങളിലും, ശോഭനമായ കാലങ്ങളിലും ഒരുപോലെ ഇരുവരേയും യോജിപ്പിച്ചിട്ടുണ്ട്. ഈ രണ്ടു ജനതയേയും രണ്ടു രാഷ്ട്രങ്ങളേയും യോജിപ്പിച്ചുകൊണ്ടുള്ള പുരാതന മൈത്രിയെ ഭൂതകാലത്തിൽ ഏതൊരു മഹത്തായ മനസ്ഥിതി ഉൽഭൂതമാക്കിയോ, അതേ മനസ്ഥിതിതന്നെ ഭാവിയിലും അതിനെ നിലനിർത്തട്ടെ."

—ജനറൽ ഡിഗാൾ അമേരിക്കൻ ജനതക്ക് ജൂലായി 4-ാംനു അയച്ച സന്ദേശത്തിൽനിന്ന്.

❖ ❖ ❖ ❖

## അവർ എന്തിന്ന് കൊള്ളുമെന്ന് തെളിഞ്ഞുകഴിഞ്ഞു

"ഇന്ത്യൻ കപ്പലുകളും അവയിലെ ജോലിക്കാരും എന്തിന്ന് കൊള്ളുമെന്ന് ഈ യുദ്ധത്തിൽ തെളിയിച്ചുകഴിഞ്ഞു. ഇന്ത്യയിൽ കടലോരങ്ങളിൽ താമസിക്കുന്നവരൊന്നിച്ച് കടൽതീരങ്ങളിൽനിന്നും എത്രയോ നാഴിക അകലെ താമസിക്കുന്നവരും കടലിന്റെ ഗുണദോഷം അനുഭവിച്ചറിവാനും താന്താങ്ങളുടെ ഗൃഹരക്ഷ ചെയ്വാനും ഇടയായി. 1939 ന്ന് ശേഷം ഇന്ത്യയുടെ നാവികസൈന്യം ഇരുപതിരട്ടിയിലധികം ശക്തി കൂടീട്ടുണ്ട്."

—കമോഡർ എ. ആർ. കാറേറ, ജൂലായി 1-ാംനു

# ആഴ്ചക്കുറിപ്പുകൾ

മലബാറിലെ ഭക്ഷണകാര്യപ്രശ്നം വീണ്ടും ജനങ്ങളെ പരിഭ്രമിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. കഴിഞ്ഞകൊല്ലം വല്ലാതെ പരിഭ്രമിപ്പിച്ചു; ഇക്കൊല്ലം ഭക്ഷണസ്ഥിതി കഴിഞ്ഞ കൊല്ലത്തേക്കാൾ മോശമായിരിക്കുമെന്നു് പത്രങ്ങൾ പ്രസ്താവിക്കുന്നു. ഇക്കൊല്ലം ദുർഭിക്ഷത്തിന്നുള്ള കാരണങ്ങളിൽ പ്രധാനമായിട്ടുള്ളതു് മഴയില്ലായ്മയാണത്രെ. മിഥുനമാസം കഴിയുന്നതോടുകൂടി പുണർതം ഞാററുവേല മുക്കാലും കഴിയും. ഇതിന്നു മുമ്പുണ്ടായ തിരുവാതിര ഞാററുവേലയിലും മഴ മോശമായിരുന്നുവെന്നാണു് പത്രങ്ങളിലെ പ്രസ്താവം. മഴ മോശമായിട്ടോ, മററു കാരണങ്ങളാലോ അരിക്കും, നെല്ലിന്നും ക്ഷാമം വന്നാൽ സാധുക്കൾക്കു് പട്ടിണി തന്നെ. അതിന്നു ശകാരം കേൾക്കേണ്ടതു് ഗവമ്മേണ്ടും! മഴയില്ലെങ്കിൽ ഗവമ്മേണ്ടിനെ കുററം പറഞ്ഞിട്ടെന്തു കാര്യം? അനാവൃഷ്ടി, അകാലമരണം ഇവയെല്ലാം മനുഷ്യന്റെ ദുഷ്കർമ്മശക്തികൊണ്ടാണു് ലോകത്തിൽ ഉണ്ടായിത്തീരുന്നതു്. ബാഹ്യത്തിലുള്ള കാര്യകാരണങ്ങളെ ആരാഞ്ഞറിഞ്ഞു് നിവൃത്തിമാർഗ്ഗങ്ങൾ ഉണ്ടാക്കിയതുകൊണ്ടു മാത്രം പോരാ എന്നുള്ള ഘട്ടത്തിൽ നാം എത്തിക്കഴിഞ്ഞിരിക്കുന്നു. മഴയില്ലെങ്കിൽ ഉണ്ടാക്കാൻ പ്രാപ്തിയുള്ള ധർമ്മനിരതന്മാർ ഒരുകാലത്തു് അലംകരിച്ചിരുന്ന പുണ്യക്ഷേത്രമാണു് കേരളം; ഇതിനെ ഇന്നത്തെ അധഃപതനത്തിൽനിന്നു് വീണ്ടെടുക്കേണമെങ്കിൽ ധർമ്മാനുഷ്ഠാനങ്ങളിൽ അടിയുറപ്പിച്ച കർമ്മഭൂമിയാക്കാനുള്ള പരിശ്രമങ്ങൾകൊണ്ടു മാത്രമേ സാദ്ധ്യമാവൂ. ഗവമ്മേണ്ടിനെ ചിത്തപറവാനൊരുങ്ങിയതു കൊണ്ടായില്ല.

## ഗവമ്മേണ്ടെന്തു ചെയ്യാൻ കഴിയും?

പൊതുജനങ്ങളുടെ സഹകരണമില്ലാതെ ഗവമ്മേണ്ടിന്നു് എന്തു ചെയ്യാൻ കഴിയും? പൊതുജനനന്മയെ ലക്ഷ്യമാക്കി നിയമങ്ങൾ അനവധി നടപ്പിൽ വരുത്തുന്നു; അതേ ലക്ഷ്യപ്രാപ്തിക്കായി അനവധി പണം ചെലവാക്കുന്നു. ഭക്ഷണത്തിനില്ലേ? ശരി; അധികം ഭക്ഷണപദാർത്ഥങ്ങളുണ്ടാക്കാനായി പൊതുജനങ്ങളെ ഉൽബോധിപ്പിക്കുന്നു; അതിന്നായി പലേ സഹായസഹകരണങ്ങളും ഏർപ്പെടുത്തുന്നു; അനവധി ലക്ഷം ഉറുപ്പിക അതിലേക്കായി വിനിയോഗിക്കുന്നു. ഇതിലും അധികരിച്ചതായ ഒരു നന്മ ഏതൊരു ഗവമ്മേണ്ടിന്നാണു് ചെയ്വാൻ സാധിക്കുന്നതു്! ഇതെല്ലാം ചെയ്തിട്ടും അനുഭവമൊന്നും ഉണ്ടായില്ലേ? ഇല്ലെങ്കിൽ നമ്മുടെ തലയിലെഴുത്തു്. ഗവമ്മേണ്ടു് ചെയ്വാനൊരുങ്ങിയതായ സഹായസഹകരണങ്ങൾ നാം എത്രകണ്ടു് ഉപയോഗപ്പെടുത്തി? ഗവമ്മേണ്ടു് ഭക്ഷണോല്പാദനകാര്യത്തിൽ ചെയ്ത ഉൽബോധന നാം എത്രകണ്ടു് നിറവേററി? മലബാറിൽ ഏതെങ്കിലും ഒരു പൊതുജന നേതാവു് ഇക്കാര്യത്തെക്കുറിച്ചുള്ള ശരിയായ കണക്കെടുത്തു് പ്രസിദ്ധം ചെയ്തതായി കേട്ടിട്ടില്ല. കഴിഞ്ഞ കൊല്ലം ഭക്ഷണദൌർല്ലഭ്യം ഉണ്ടായപ്പോൾ ഇക്കൊല്ലം അതില്ലാതെ കഴിപ്പാൻ ആത്മാർത്ഥതയോടുകൂടി എത്രാളുകൾ പരിശ്രമിച്ചു? എത്ര സംഘങ്ങൾ രൂപീകരിച്ചു് അങ്ങിനെയുള്ള പരിശ്രമങ്ങളിൽ ശ്രദ്ധിച്ചു? യഥാർത്ഥം പറയട്ടെ; ആരും ശ്രമിക്കയുണ്ടായില്ല; കൊള്ളരുതാത്ത നമ്മെ നന്നാക്കാൻ ഗവമ്മേണ്ടല്ല, ആരു് വിചാരിച്ചാലും സാധിക്കയില്ല.



സുപ്രീം കമാണ്ടർ ഐസ്നോവറും ജനറൽ മണ്ട്ഗോമറിയും

### പുതിയ പ്രസ്ഥാനം

ഇന്ത്യാ ഗവമ്മേണ്ടു് ഇപ്പോൾ പുതുതായി ഒരു കാര്യപരിപാടിയോടുകൂടി ഭക്ഷണോല്പാദനപ്രസ്ഥാനം ഊർജ്ജിതമായി ആരംഭിച്ചിട്ടുണ്ടു്; അതിന്റെ ഒരു സംക്ഷിപ്തമായ വിവരണം അന്യത്ര ചേർത്തിരിക്കുന്നു. ആയിരം

കോടി ഉറുപ്പിക ചെലവുചെയ്തിട്ടാണു ഈ പ്രസ്ഥാനം ആരംഭിച്ചിരിക്കുന്നതു; മാത്രമല്ല ആണ്ടുതോറും ഇരുപതു കോടി ഉറുപ്പിക ഇക്കാര്യത്തിൽ ചെലവു ചെയ്യാൻ പോകുന്നു. ചെലവു ചെയ്യുന്നതു് ഗവമ്മെണ്ടാണെങ്കിലും, ഇതിനെ സംബന്ധിച്ചു് ഗൌരവമായ കമ്മപദ്ധതി കാണുവാൻ ഗവമ്മേണ്ടു് പ്രതീക്ഷിക്കുന്നതു് ജില്ലകളിലാണു്. ഗവമ്മേണ്ടിന്റെ ഈ പ്രസ്ഥാനത്തിൽനിന്നു് മലബാർ ജില്ലക്കു കഴിയുന്നത്ര ഗുണം ഉണ്ടാക്കിത്തീർക്കുവാൻ ശേഷിയും ശേമുഷിയും ഉള്ള ഒരാളോ ഒരു സംഘമോ ഇതുവരെ പുറപ്പെട്ടു കാണുന്നില്ല. ഇനിയെങ്കിലും അങ്ങിനെ പുറപ്പെട്ടു കാണുവാനുള്ള ഭാഗ്യം മലബാറിന്നില്ലെന്നുണ്ടോ? വല്ല ദിക്കിലും ഒരു സഭ കൂടി, "എ" വായിൽ തോന്നിയതു പ്രസംഗിച്ചു, "ബി" പ്രമേയം അവതരിപ്പിച്ചു, "സി" അതിനെ പിൻതാങ്ങീട്ടും ഒന്നും യാതൊരു പ്രയോജനവുമില്ല. കൊള്ളരുതാത്ത വല്ല അളിയന്മാൎക്കും ഇല്ലാത്ത "കോളിഫിക്കേഷൻ" ഉണ്ടെന്നു പറഞ്ഞു് പുറപ്പെട്ടുവിച്ചു് നല്ലോരു ഉദ്യോഗസ്ഥനാക്കിത്തീർക്കാൻ ശ്രമിച്ചിട്ടും നാട്ടിന്നു ഗുണമുണ്ടാകയില്ല. ആയിരം കോടി ഉറുപ്പിക ചെലവു ചെയ്യാനൊരുങ്ങിയ ഇന്ത്യാഗവമ്മേണ്ടിൽനിന്നു് ഒരു ഇരുപത്തഞ്ചു കോടി ഉറുപ്പികയെങ്കിലും മലബാറിന്റെ കൃഷിപോഷണാവശ്യാർത്ഥം കൈകാട്ടി വാങ്ങുവാനും, വാങ്ങിയാൽ അണ പൈക്കു് വ്യത്യാസം വരാതെ നാട്ടിന്റെ നന്മക്കായി ചെലവു ചെയ്യാനും ഒരുക്കമുള്ളവൻ മാത്രം ഈ പണിക്കു പുറപ്പെട്ടാൽ മതി. ഏതു കൊള്ളരുതാത്തവനും താൻ കൊള്ളുന്നവനാണെന്നും, തന്നെ ഒരു വൈസറോയി ആക്കിവെക്കാത്തതു് ഗവമ്മേണ്ടിന്റെ കുറ്റമാണെന്നും തോന്നുന്നവൻ ഈ പണിക്കു പറ്റുകയില്ല. കൃഷിപോഷണാർത്ഥം ഇരുപത്തഞ്ചു കോടി ഉറുപ്പികയുടെ ചെലവിന്നുള്ള സ്കീം നാം ഗവമ്മേണ്ടു മുമ്പാകെ സമർപ്പിക്കണം; ആയതു് ഗവമ്മേണ്ടിന്നു് സ്വീകാര്യമായിരിക്കുകയും വേണം. മലബാറിന്റെ ഭാഗ്യംപോലെ വരട്ടെ.

# ഇന്ത്യയിലെ ജനങ്ങൾക്കു് ഉണ്ണാൻ സമൃദ്ധിയായിട്ടുണ്ടാകണം

## ഇന്ത്യാഗവമ്മേണ്ടിന്റെ വിപുലമായ കമ്മപദ്ധതി

ഇന്നു ഇന്ത്യയിൽ നൂറു് പറ നെല്ലു വിളയുന്ന ദിക്കിൽ പത്തു കൊല്ലം കഴിയുമ്പോഴേക്കു നൂററി അയ്മ്പതു് പറ നെല്ലും പതിനഞ്ചു കൊല്ലം കഴിയുമ്പോഴേക്കു് ഇരുനൂറു് പറ നെല്ലും വിളയുമാറാകണം. അതിന്നായി ഒരു കൃഷിവദ്ധനപദ്ധതി ഇന്ത്യാഗവമ്മേണ്ടിന്റെ ആഭിമുഖ്യത്തിൽ തെയ്യാറായിരിക്കുന്നു. തെയ്യാറാക്കിയതു ഒരു പ്രത്യേക വിദഗ്ദ്ധക്കമ്മിററിയാണു്; അതിനെ ഇന്ത്യാഗവമ്മേണ്ടിന്റെ സാമ്രാജ്യ ഗവേഷണ കൌൺസിലിന്റെ ആലോചനക്കായി വെച്ചിരിക്കുന്നു. ഇന്ത്യയിലെ ജനങ്ങൾക്കു് ഉണ്ണാൻ സമൃദ്ധിയായി ഉണ്ടാകണം; ഇന്ത്യയിലെ കന്നുകാലികൾ ധാരാളമായി വർദ്ധിക്കണം എന്നാണു് ഈ പദ്ധതിയുടെ ആവശ്യം. ഇതിന്റെ നടത്തിപ്പിന്നു മൂലധനച്ചെലവു് 1,000 കോടി ഉറുപ്പിക വേണ്ടിവരുമെന്നാണു് കമ്മിററിയുടെ തീരുമാനം.

ഇത്ര വലുതായ ഒരു മൂലധനം ഇറക്കി ചെലവു ചെയ്യുതുകൊണ്ടും ആയില്ല; ആണ്ടുതോറും ഇതിന്റെ ചെലവിലേക്കായി 20 കോടി ഉറുപ്പികയും വേണ്ടിവരുമത്രെ. ഈ കണക്കുപ്രകാരം ഇന്ത്യയിൽ കൃഷിക്കു് പററിയ സവ്വ സ്ഥലങ്ങളും കൃഷിക്കുപയോഗമായി വന്നുകഴിഞ്ഞാൽ ഏക്ര ഒന്നിന്നു കൊല്ലത്തിൽ ഒയ്മ്പതണ കണ്ടു് ചെലവാകുന്നതാണു്.

ഇന്നു വിളവുള്ള പലവിധ കൃഷ്യോല്പന്നങ്ങളെ താഴെ പറയുന്ന വിധം പുഷ്ടിപ്പെടുത്തേണമെന്നാണു് പ്ലാൻ. പുല്ലു് മുതലായവ 10 ശതമാനം കണ്ടും, പഴവർഗ്ഗങ്ങൾ 20 ശതമാനം കണ്ടും, എണ്ണ മുതലായതു 250 ശതമാനം കണ്ടും, ഭക്ഷണസാധനങ്ങൾ 50 ശതമാനം കണ്ടും, സസ്യാദികൾ 100 ശതമാനം കണ്ടും, പാലു് 300 ശതമാനം കണ്ടും വർദ്ധിപ്പിക്കേണമത്രെ. വ്യാപാരത്തിന്നു വേണ്ടിയുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വർദ്ധിപ്പിക്കുകയും നന്നാക്കുകയും ചെയ്യുന്നതിന്നു പുറമെ പ്രസ്തുത ഉൽപന്നങ്ങളും ഭക്ഷ്യോല്പന്നങ്ങളും വിളയിറക്കുന്നതിന്നു് ഒരു നിശ്ചിതരീതിയും ഉണ്ടായിരിക്കേണമെന്നും നിർബ്ബന്ധമുണ്ടു്. ഒട്ടാകെ ഇന്ത്യയിൽ കൃഷിക്കു് ഉപയോഗിക്കാവുന്ന ഭൂമി 61 കോടി 40 ലക്ഷം ഏക്രയാണു്. ഇതിൽ ഇപ്പോൾ 25 കോടി ഏക്ര സ്ഥലം കൃഷിചെയ്യാതെ കിടക്കുകയാണുതാനും. അധികം താമസിയാതെതന്നെ അനവധി ഏക്ര സ്ഥലം ഒരേ ഒരടിയായി കൃഷിചെയ്യാതെ കിടക്കുവാനുള്ള കാരണമെന്താണെന്നു് കണ്ടുപിടിക്കുവാനും പ്രസ്തുത കാരണങ്ങൾക്കു് വേണ്ട നിവാരണം ചെയ്തു ഈവക സ്ഥലങ്ങളെ കൃഷിക്കുപയോഗപ്രദമാക്കിത്തീർക്കുവാനും വേണ്ടതു് പ്രവർത്തിക്കേണ്ടതാണെന്നു കമിററി ശിപാർശി ചെയ്തിരിക്കുന്നു.

വലിയ വിളയും നല്ല വിളയും എടുക്കുവാൻ ആദ്യമായി വേണ്ടതു് വേണ്ടത്ര വെള്ളം കാലംപോലെ കിട്ടുകതന്നേയാണു്. തോടുകൾ മൂലമുള്ള ജലസേചനത്തിന്നു പുറമെ കിണറുകളിൽനിന്നും കുളങ്ങളിൽനിന്നും വെള്ളം കൃഷിക്കാൎക്കു് കിട്ടുവാനുള്ള ഏപ്പാടുണ്ടായിരിക്കണം. ഇതിന്നു രണ്ടിന്നും സാദ്ധ്യമല്ലാത്ത സ്ഥലങ്ങളിൽ മഴവെള്ളം കെട്ടിനിർത്തുവാനുള്ള സൌകര്യം ഉണ്ടായിരിക്കണം. രണ്ടാമതായി, കൃഷിക്കാൎക്കു് സുലഭമായി വളം കിട്ടുവാനുള്ള സൌകര്യം ഉണ്ടാകണം. സാധാരണയുള്ള സസ്യവളത്തിന്നു പുറമെ കൃത്രിമവളം കിട്ടാനുള്ള ഏപ്പാടും ഉണ്ടാകണം. വളം നല്ലപോലെ ചേർത്താൽതന്നെ സാധാരണ വിളയിൽ പത്തോ പതിനഞ്ചോ ശതമാനം വർദ്ധിപ്പിക്കാനും പ്രയാസമില്ല. ഓരോ ജില്ലയിലും വിത്തുണ്ടാക്കുവാൻ വേണ്ടി മാത്രം ഒരു പ്രത്യേക ഫാറം വേണം. കൃഷിക്കാൎക്കു് നല്ലവിത്തു് കിട്ടുവാനുള്ള വിതരണകേന്ദ്രങ്ങളും വേണ്ടുവോളം ഉണ്ടായിരിക്കണം. കൃഷിക്കാരുടെ ഭൂമി ചിന്നിച്ചിതറി കിടക്കുന്നതെല്ലാം കൂട്ടിച്ചേർക്കാനും, കോപ്പറേററീവു് പ്രസ്ഥാനത്തിന്റെ തോതിൽ കൃഷി നടത്താനുള്ള ഏപ്പാടുകളും ഉണ്ടായിരിക്കണം. എന്നാൽ വിള നന്നാക്കിയതുകൊണ്ടു മാത്രമായില്ല; വില്പനക്കുള്ള ഏപ്പാടുകളും വേണ്ടപോലെ പരിഷ്കരിക്കണം. ഓരോ അംശത്തിൽനിന്നും ഉള്ള വില്പന കോപ്പറേററീവു് സംഘങ്ങൾ മുഖാന്തരമായിരിക്കേണ്ടതാണു്. കൃഷ്യോല്പന്നങ്ങൾക്കു് ഒരു ശരിയായ വില്പനകേന്ദ്രവും ന്യായമായ വിലയും ഗവമ്മേണ്ടു് ഏൽക്കേണ്ടതാകുന്നു.

മേൽവിവരിച്ച കൃഷിപദ്ധതി യുദ്ധാനന്തരമുള്ളതല്ല; ഇതു് ഇപ്പോൾതന്നെ ഗവമ്മേണ്ടു് ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ജൂലായി 14-ാംനു-, വെള്ളിയാഴ്ച


## ബൃഹൽ ജർമ്മനി


ഹിററ്ലർ കയ്യൂക്കുകൊണ്ടു് നിർമ്മിച്ചതായ ബൃഹൽ ജർമ്മനിയുടെ അതൃത്തികളിൽനിന്നു് മുന്നൂറു നാഴിക അകലേയാണു് മൂന്നു് ഐക്യകക്ഷി സൈന്യങ്ങൾ ഇപ്പോൾ സ്ഥിതിചെയ്യുന്നതു്. നോർമണ്ടിയിലുള്ള ജനറൽ മണ്ടു്ഗോമറിയുടെ സൈന്യം റൈൻ നദിയുടെ തീരത്തുനിന്നു് മുന്നൂറു നാഴിക അകലെയാണു്. അതേസമയത്തുതന്നെ റഷ്യൻ സൈന്യനായകനായ മാർഷൽ സുഖോവ് ലുവോവ് നഗരിയിൽ സൈന്യസമേതം ജർമ്മൻ പ്രദേശമായ സൈലീസ്യയിലേക്കു് കടക്കുവാൻ കാത്തുനില്ക്കുന്നു; ഈ സൈന്യങ്ങളും ജർമ്മൻ അതൃത്തിയിൽനിന്നു് മുന്നൂറു നാഴികയെ വിട്ടിട്ടുള്ളൂ. ഇററലിയിൽ ലഗോൺ നഗരിക്കടുത്തെത്തിയിരിക്കുന്ന ജനറൽ അലക്സാണ്ടറും സൈന്യങ്ങളും ഇതുപോലെത്തന്നെ ജർമ്മൻ പ്രദേശമായ ആസ്റ്റ്രിയായുടെ മുന്നൂറു നാഴിക അടുത്തെത്തിട്ടുണ്ടു്. മേല്പറഞ്ഞ മൂന്നു സൈന്യങ്ങളും ഒരേ ഒരു ലക്ഷ്യത്തെ നോക്കി ഒരേ ഒരു പ്രവർത്തനത്തിലാണു് ഏർപ്പെട്ടിട്ടുള്ളതു്. നാലാമതൊരു സൈന്യം ഫിൻലണ്ടിൽകൂടിയും വരുന്നുണ്ടു്. ഇങ്ങിനെ നാലുസൈന്യങ്ങളും ഒത്തൊരുമിച്ചുകൊണ്ടുള്ള വരവിനെ ഹിററ്ലർക്കു് താങ്ങുവാൻ സാധിക്കുന്നില്ല.

## യൂറോപ്പിലെ പശ്ചിമരംഗം

പശ്ചിമരംഗത്തിൽ യുദ്ധം തുടങ്ങി ജൂലായി 10-ാം തിയ്യതിക്കു് ഒരാഴ്ചയായി. ഐക്യകക്ഷികളുടെ സർവ്വതോമുഖമായ പുരോഗതിയിൽ ഏററവും പ്രധാനമായ ഒരു വിജയം കഴിഞ്ഞാഴ്ചയുണ്ടായതു കാങ്ങ് നഗരി അവരുടെ പ്രഹരത്തിൽ അമർന്നതാണു്. ഇവിടെ വെച്ചു നടന്ന യുദ്ധം ചെർബർഗ് നഗരിയിൽ ഉണ്ടായതിനേക്കാൾ ഉപരിയായിട്ടായിരുന്നു. ജനറൽ മണ്ടു്ഗോമറിയുടെ കീഴിലുള്ള ബ്രിട്ടീഷു് സൈന്യങ്ങളും അമേരിക്കൻ സൈന്യങ്ങളും റോമലിന്റെ കീഴിൽ പൊരുതിയിരുന്ന ഭയങ്കരമായ ഒരു ജർമ്മൻ സൈന്യത്തിനോടാണു് എതൃത്തിരുന്നതു്. റഷ്യൻ രംഗത്തിൽനിന്നു കൂടി ജർമ്മൻ സൈന്യത്തെ റോമൽ ഈ രംഗത്തിലേക്കു് കൊണ്ടുവന്നിരുന്നു. റോഡു്, റെയിലു്, തോടു എന്നീ ഗതാഗതങ്ങളുടെ കേന്ദ്രമായ കാങ്ങ് നഗരി കൈവശത്തിൽനിന്നുപോയാൽ അതിന്നു് തെക്കുകിഴക്കായി കിടക്കുന്ന മൈതാനങ്ങളിലേക്കു് തട്ടിക്കയറുവാനും 150 നാഴിക അടുത്തുള്ള പാരീസു് നഗരിയിൽ എത്തുവാനും ഐക്യകക്ഷി സൈന്യങ്ങൾക്കു് സൌകര്യമായി. ഇതിനെ തടയുവാനായിരുന്നു റോമൽ ഇത്രത്തോളം ജാഗ്രതയായി കാങ്ങ് നഗരിയെ രക്ഷിക്കാൻ ശ്രമിച്ചതു്. പക്ഷെ ഈ ശ്രമംകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. യൂറോപ്യൻ പശ്ചിമരംഗത്തിൽ ജർമ്മൻ സൈന്യത്തിന്റെ എല്ലു മുറിയുവാൻ തുടങ്ങിയിരിക്കുന്നു. ഒരു മാസത്തെ യുദ്ധംകൊണ്ടു് 13,000 ചതുരശ്ര നാഴിക ഐക്യകക്ഷികൾ പിടിച്ചെടുത്തിരിക്കുന്നു.

## റഷ്യൻ രംഗം

വൈററ് റഷ്യയുടെ തലസ്ഥാനനഗരിയായ മിൻസ്ക് കൈവശം വന്നതിൻശേഷം റഷ്യൻ സൈന്യം രണ്ടു വഴിയായിട്ടാണു് ഇപ്പോൾ അവിടെനിന്നും കുതിക്കുന്നതു്. ഒരു സംഘം മിൻസ്കിൽനിന്നു് വടക്കുപടിഞ്ഞാറുള്ള ബാൾട്ടിക്ക് രാജ്യങ്ങൾ, ഈസ്റ്റ് പ്രഷ്യ, വടക്കൻ പോളണ്ടു് എന്നീ സ്ഥലങ്ങളിലേക്കും, മററൊരു സംഘം തെക്കുപടിഞ്ഞാറോട്ടു പോളണ്ടിലേക്കും യാത്രയായി. വടക്കുപടിഞ്ഞാറോട്ടു വിൽനാ നഗരിക്കുള്ള യാത്രയിൽ മോളോഡിനൊ മുതലായ പട്ടണങ്ങൾ പിടിച്ചു് ജർമ്മൻ തലസ്ഥാനനഗരിയായ ബർലിനിൽനിന്നു് വാർസയിൽകൂടെ റഷ്യയിലേക്കുള്ള റെയിൽവെ പോകുന്ന വിൽനാ നഗരിക്കടുത്തെത്തിയിരിക്കുന്നു. തെക്കുപടിഞ്ഞാറോട്ടു പോകുന്ന റഷ്യൻ സൈന്യം ബാറാനോവിച്ചി ജങ്ക്ഷൻ കൈവശപ്പെടുത്തി പോളണ്ടിലെ ഒരു ചരിത്രപ്രധാനനഗരിയായ ബ്രസ്റ്റ്ലിട്ടോവസ്കിലേക്കാണു് അഭിമുഖീകരിക്കുന്നതു്. ജൂൺ 23-ാം തിയ്യതി ആരംഭിച്ച റഷ്യൻ ആക്രമണത്തിന്റെ ശേഷം ഈ സൈന്യത്തിന്റെ പുരോഗതിയും വിജയവും ആശ്ചര്യകരമായിട്ടുള്ളതാണു്.




ഹിററ്ലർ : എന്നെ സഹായിച്ചാൽ എല്ലാവർക്കും സ്വർഗ്ഗത്തിൽ സ്ഥലം കൊടുക്കും. കണ്ടില്ലെ ഡീററലിന്നു് സ്ഥലം കിട്ടിയതു്. ഇനിയും ഒഴിവു ധാരാളം ഉണ്ടു്.

## ജാപ്പാൻ രംഗം

ശാന്തസമുദ്രത്തിലുള്ള മരിയാനാ ദ്വീപു് സംഘത്തിലെ സൈപ്പാൻ ദ്വീപിൽനിന്നു് ജാപ്പാൻകാരെ മുഴുവൻ നശിപ്പിച്ചു് ദ്വീപു ഒട്ടാകെ അമേരിക്കൻ സൈന്യത്തിന്റെ കൈവശം വന്നിരിക്കുന്നു. ഈ ദ്വീപു അമേരിക്കക്കാർ പിടിച്ചതു മുതൽ ജാപ്പാൻകാർക്കു് സൈ്വരമില്ലത്രെ. ഇവിടെവെച്ചു നടന്ന യുദ്ധംപോലെ ഒരു യുദ്ധം അമേരിക്കൻ ചരിത്രത്തിലുണ്ടായിട്ടില്ലെന്നാണു പറയുന്നതു്. പതിനായിരം അമേരിക്കൻ ഭടന്മാർ നഷ്ടപ്പെട്ടിട്ടുണ്ടെന്നും, ജാപ്പാൻകാർ മരിച്ചതുമാത്രം ആറായിരമാണെന്നും അറിയുന്നു. സൈപ്പാൻ ദ്വീപിന്നു ജാപ്പാൻ ഭരണാധികൃതന്മാർ വളരെ ഗൌരവമായ സ്ഥാനം കല്പിച്ചിരിക്കുന്നു. അതിന്നു കാരണം തെക്കൻ ശാന്തസമുദ്രരംഗത്തിൽ ജാപ്പാനുള്ള സർവ്വ ഗതാഗത സൌകര്യങ്ങളും ഇതുനിമിത്തം അപകടത്തിലാകുമെന്നുള്ള സംഗതിയാണു്. ഇതിന്നുമുമ്പു അമേരിക്കക്കു ന്യൂഗിനിയായിൽ ബിയാക്കു് എന്ന ഒരു സൈന്യസങ്കേതവും കിട്ടിയിരിക്കുന്നതിനാൽ ജാപ്പാനുള്ള ഭീതി യഥാർത്ഥത്തിൽ ദ്വിഗുണീഭവിച്ചിരിക്കുന്നു. ബിയാക്കിൽനിന്നടുത്തു 100 നാഴിക പടിഞ്ഞാറുള്ള നാവൂർ ദ്വീപിലും അമേരിക്കൻ സൈന്യം ചെന്നിറങ്ങിയിരിക്കുന്നതിനാൽ ഇവിടെനിന്നു് ഫിലിപ്പൈൻ ദ്വീപിലേക്കുള്ള ആപത്തു ഇരട്ടിച്ചിട്ടുണ്ടു്.

# സർവ്വ രാഷ്ട്രങ്ങൾക്കുംകൂടി ഒരു ഏകയോഗ ക്ഷേമവ്യവസ്ഥ സ്ഥാപിതമാണോ?

(ആർ. ഗാലിററി, ഐ. സി. എസ്സ്.)

(മദ്രാസ് ഡിസ്ട്രിക്ട് വാർ കമിററിയുടെ ആഭിമുഖ്യത്തിൽ 1944 ജൂൺ 25-ാം തിയ്യതി ചെയ്ത ഒരു പ്രസംഗസാരം)

പൊതുജനാഭിപ്രായം ഒരു രാജ്യത്തു ഏതു വിധമോ, ആ വിധത്തിലെ അവിടുത്തെ ഭരണത്തോതുണ്ടാവാൻ വഴിയുള്ളൂ. ഒരു രാഷ്ട്രത്തിലെ സാധാരണക്കാരന്റെ അഭിപ്രായമാണ് അവിടുത്തെ ഭരണത്തിന്റെ നെല്ലിപ്പടി. അതിനാൽ, ഒരു രാഷ്ട്രത്തിൽ പൊതുജനാഭിപ്രായമില്ലെങ്കിൽ അവിടുത്തെ ഭരണവും മോശമായിരിക്കും. ഇതുപോലെത്തന്നെ ലോകത്തിലെ സർവ്വരാഷ്ട്രങ്ങൾക്കുംകൂടി ഒരു ഏകയോഗക്ഷേമവ്യവസ്ഥയെക്കുറിച്ച് പൊതുജനങ്ങൾക്കു ഒരു അഭിപ്രായമില്ലെങ്കിൽ അങ്ങിനെ ഒരു വ്യവസ്ഥയുണ്ടാവുകയില്ല. പൊതുജനാഭിപ്രായമുണ്ട്, എന്നാൽ ആയതു് ന്യായമായിട്ടുള്ളതല്ലെന്ന് വരികിൽ പ്രസ്തുത വ്യവസ്ഥയും ന്യായമായിട്ടുള്ളതായിരിക്കയില്ല. അതിനാൽ സർവ്വരാഷ്ട്രകാര്യങ്ങളെക്കുറിച്ച് നാം എന്തിന്ന് ചിന്തിക്കണം; അതിന്നെല്ലാം വേറെ ആളില്ലെ എന്നു വിചാരിച്ച് ഒരിക്കലും ഉദാസീനത വരുത്തരുത്. സർവ്വരാഷ്ട്രകരാറുകൾ എഴുതുന്നതും, സർവ്വരാഷ്ട്രസമിതിയെ ഭരിക്കുന്നതും മററും വേറെ വല്ലവരുമായ്ക്കൊള്ളട്ടെ; ലോകത്തിലെ പൊതുജനങ്ങളുടെ അഭിപ്രായം എന്തോ, ആയതു് അതിൽ പ്രതിഫലിച്ചു കാണാതിരിക്കുകയില്ല.

പൊതുജനാഭിപ്രായം നല്ലവഴിക്കല്ലെങ്കിൽ ലോകത്തിലെ കാര്യങ്ങളും ദുർമ്മാർഗ്ഗികമായിത്തീരുമെന്നതിന്ന് ഇന്നത്തെ യുദ്ധം തുടങ്ങുന്നതിന്റെ അല്പം വർഷങ്ങൾക്കുമുമ്പ് യൂറോപ്പിലെ സ്ഥിതി ഉദാഹരണമായി കരുതാവുന്നതാണ്. അക്കാലങ്ങളിൽ ചില പ്രധാന കാര്യങ്ങളിൽ യൂറോപ്പിലെ സ്ഥിതി വളരെ മോശമായിരുന്നു. യൂറോപ്പിലല്ലെ അങ്ങിനെ ആയിരുന്നുള്ളൂ; ഇന്ത്യയിൽ അങ്ങിനെ കൂടാതെകഴിഞ്ഞുവല്ലൊ എന്നു വിചാരിച്ച് ആരും അത്ര സമാധാനം കൊള്ളേണ്ട. യൂറോപ്പിലെ സ്ഥിതി കണ്ടു് അതാണ് നല്ലതെന്ന് ധരിച്ച് ഇന്ത്യയിലുള്ളവരും അതെ വഴിക്കുതന്നെ യാത്രയായി. "യൂറോപ്പിലുള്ളവർ എത്ര വിശേഷമായ ഒരു കുഴി കുഴിച്ച് അതിൽ വീണു കിടക്കുന്നു; നമുക്കും അങ്ങിനെ ഒരു കുഴി കുഴിച്ച് അതിൽ വീഴാം;" എന്നായി ഇന്ത്യയിലുള്ളവരുടെ വിചാരം. വിശിഷ്യ ഒന്നാംതരം മൂന്നബദ്ധങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടാണ് നമ്മുടെ നേതാക്കന്മാർ കുതികുതിച്ചിരുന്നതു്. ഒന്നാമതു്, രാഷ്ട്രഭരണം ഏകകക്ഷിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കേണമെന്ന തത്വം. ഇങ്ങിനെയുള്ള ഭരണം സ്ഥാപിച്ചുകഴിഞ്ഞാൽ പ്രജാപീഡനപരവും, ധിക്കാരവും, കലുഷിതവുമായ ഒരു പ്രമാണിഭരണം സ്ഥാപിക്കാൻ വേറെ യാതൊന്നും ആവശ്യമില്ല. എന്നാൽ ഈ ലക്ഷ്യങ്ങളെല്ലാം ഒരു രാഷ്ട്രത്തിന്റെ ഉള്ളിലുള്ള ഭരണത്തെ മാത്രമെ ബാധിക്കയുള്ളുവെന്ന് വെച്ച് സമാധാനിക്കാനും നിവൃത്തിയില്ല. ഈ ലക്ഷ്യങ്ങൾ ഉള്ളിൽവെച്ചു സർവ്വരാഷ്ട്രങ്ങളെയും ബാധിക്കുന്ന ഒരു തത്വം മേൽപ്പറഞ്ഞ ഏകകക്ഷീവ്രതരാഷ്ട്രക്കാർ ആചരിച്ചുവന്നിരുന്നതായിരുന്നു തനിക്കുതാൻ പോരുമെന്നുള്ള വിശ്വാസവും അതനുസരിച്ച നടവടിയും. ഈ തത്വത്തെ ആസ്പദിച്ചിട്ടുള്ള രാഷ്ട്രീയതത്വമാണ് ഇൻറിപ്പെണ്ടൻറ് സോവറിൻ നാഷനൽ സ്റ്റെയിററ്, അതായതു് സ്വാതന്ത്ര്യം, സാർവ്വഭൗമത്വം, മുതലായവ തികഞ്ഞ ദേശീയരാഷ്ട്രം. ഈ രണ്ടു തത്വങ്ങളും എത്രയും ആപൽക്കരങ്ങളായിരുന്നു. ആപത്തിച്ചല്ലാതെ എങ്ങിനെയാണിവ കലാശിക്കുക? ഒരു ഗ്രാമത്തിലുള്ള ഓരോ വീട്ടുകാരും തനിക്കു വേണ്ടതെല്ലാം താന്താങ്ങൾ തന്നെ ഉണ്ടാക്കിക്കൊള്ളാമെന്ന് ഒരു നയം ആചരിക്കാൻ തുടങ്ങിയെന്ന് വിചാരിക്കാം. ഒരു വീട്ടിന്റെ അയൽവക്കത്തുള്ള ഒരു സാധു അല്പം കുറച്ചു ഭൂമി ആരെങ്കിലും തന്നാൽ കൃഷിചെയ്യുകയുമാമെന്നു വിചാരിക്കുന്നതോ, ഒരു കട തുറക്കുകയാമെന്നു വിചാരിക്കുന്നതോ ആപൽക്കരമാണെന്ന് മററുള്ളവർക്ക് തോന്നുന്നപക്ഷം ആ ഗ്രാമത്തിൽ സമാധാനത്തിന്നു വഴിയുണ്ടോ? സ്വതന്ത്ര, സാർവ്വഭൗമരാഷ്ട്രീയ കോയ്മകളെക്കൊണ്ടുള്ള ആപത്തു് ഇത്തരത്തിലുള്ളതായിരുന്നു, തത്വങ്ങൾ ചില കാര്യങ്ങളിലെല്ലാം ഉപകാരപ്രദങ്ങളാണ്; എന്നാൽ അവയിലുള്ള ന്യൂനതകൾകൊണ്ടു് ഉപകാരത്തേക്കാൾ അധികരിച്ച ഉപദ്രവമാണുതാനും.

ദേശീയബോധം വളരെ നല്ലതുതന്നെ. ആക്കെങ്കിലും ഈ മദ്യം സേവിച്ച ലഹരികൊണ്ടു് ആപത്തില്ലാതെ കഴിക്കാമെങ്കിൽ അതിനെന്താണ് വിരോധം? ഇംഗ്ലീഷുകാരൻ താനൊരു ഇംഗ്ലീഷുകാരനാണെന്ന് പറയുന്നതിൽ അഭിമാനംകൊള്ളുന്നു; അതുപോലെത്തന്നെ ഒരു ജർമ്മൻകാരനും അഭിമാനിക്കേണ്ട കാലം വരികയില്ലെന്നില്ല. ഒരുകാലത്തു് ഇന്ത്യയിലെ ഓരോരുത്തനും താൻ ഒരു ഇന്ത്യനാണെന്നഭിമാനിക്കുന്ന കാലം വന്നേക്കും. ഇത്തരത്തിലുള്ള ദേശീയബോധം വളരെ നല്ലതാണ്; എന്നാൽ സർവ്വരാഷ്ട്രങ്ങൾക്കുകൂടി ഏകയോഗക്ഷേമത്തിൽ ജീവിക്കാൻ സാധിക്കാതെവരുന്ന തരത്തിലുള്ള ദേശീയബോധം ഒട്ടും നല്ലതല്ല. "എന്റെ രാഷ്ട്രത്തിന്ന് സാർവ്വഭൗമത്വം ഉണ്ടു്; ഞാൻ ഒരു സർവ്വരാഷ്ട്രസമിതിയെ വകവെക്കുകയില്ല. എനിക്കവകാശപ്പെട്ട കാര്യങ്ങളിൽ മററൊരുത്തന്റെ അഭിപ്രായം നോക്കുകയില്ല, വേണ്ടേടത്തു് എന്റെ സർവ്വശക്തിയും ഉപയോഗിക്കയും ചെയ്യും." എന്ന് ഒരു രാഷ്ട്രം ചിന്തിക്കാൻ തുടങ്ങിയാൽ ലോകത്തിൽ പിന്നെ സമാധാനമെവിടെ?


രാഷ്ട്രങ്ങളെ ഓരോ വ്യക്തിയുടെ നിലയിൽ കരുതുവാൻ പാടില്ല എന്ന് ചിലർ പറയുമായിരിക്കാം. ശരി; അങ്ങിനെ കരുതേണ്ട. പക്ഷെ, ലോകത്തിലെ രാഷ്ട്രങ്ങൾ ആചരിച്ച നയം ഒരു ജില്ലയിലോ, ഒരു രാജ്യത്തോ ഉള്ള ആളുകൾ ആചരിക്കുന്നതായിരുന്നുവെങ്കിൽ തന്മൂലം അവിടെയുണ്ടാകുന്ന സ്ഥിതിക്ക് അരാജകത്വമെന്നല്ലാതെ മറെറാന്നും പറവാൻ വയ്യ. അരാജകത്വത്തിലെ കാട്ടുമര്യാദ നടപ്പുള്ള കാലത്തു് സംസ്കാരമാകട്ടെ, നാഗരികത്വമാകട്ടെ, മാനമര്യാദയാകട്ടെ, സദാചാരനിഷ്ഠയോടുകൂടിയുള്ള ജീവിതമാകട്ടെ സാദ്ധ്യമല്ല. ഓരോരുത്തനും വിചാരിക്കുന്നതെന്തായിരിക്കും? "ഏതക്രമിയേക്കാളും കൂടുതൽ ശക്തി എനിക്കില്ലെങ്കിൽ രക്ഷയില്ല", എന്നായിരിക്കും. ഓരോ അക്രമിയും ഇങ്ങിനെതന്നെ വിചാരിച്ച് വിചാരിച്ച് ആർക്കും ഒരു രക്ഷയില്ലാതായിത്തീരുന്നു. കാരണം, ഒരക്രമി എത്ര വലിയവനായാലും, രണ്ടക്രമികൾ കൂടിയാൽ അവനെ തുലക്കാം എന്നുള്ളതിന്ന് സംശയമില്ല. ബാലൻസ് ഓഫ് പവർ എന്ന പേരിൽ രാഷ്ട്രങ്ങൾ തമ്മിൽ ഒരു സഹകരണമര്യാദയാരംഭിച്ചതു് ഇപ്രകാരമാകുന്നു. എന്നാൽ എത്ര സൂക്ഷിച്ചാലും രാഷ്ട്രങ്ങൾ തമ്മിലുള്ള ഈ സഖ്യത്തിന്ന ഒരു ന്യൂനത അപരിഹാര്യമാണ്. ബാലൻസ് ഓഫ് പവർ വേണമെന്നുവെച്ച് രാഷ്ട്രങ്ങളെ രണ്ടു ഭാഗങ്ങളാക്കി പങ്കിടാമെങ്കിലും ബലംകൊണ്ടു് സാമ്യം ഇരുകക്ഷിയിലും ഉള്ളവർക്കു എപ്പോഴും ഉണ്ടാകേണമെന്നില്ല. ശക്തിയുള്ള കക്ഷി അക്രമിയാണെങ്കിൽ യുദ്ധം തീർച്ചയാണ്; സമാധാനകക്ഷിക്കാരാണ് അധികം ശക്തന്മാരെങ്കിൽകൂടി, യുദ്ധകാംക്ഷിക്കക്ഷി വിചാരിക്കും, സ്വകാര്യത്തിൽ ഒരുങ്ങി, ആരും നോക്കിനില്ക്കാതിരിക്കുമ്പോൾ അടിച്ചാൽ ഒരുപക്ഷെ ജയിക്കുമെന്ന്. ഇങ്ങിനെയല്ലെ ജാപ്പാനും ജർമ്മനിയും യുദ്ധത്തിൽ ചെന്നുചാടിയതു്.

അതിനാൽ ലോകത്തിൽ സമാധാനമുണ്ടാകേണമെങ്കിൽ രാഷ്ട്രങ്ങൾ തമ്മിൽ അന്യോന്യം മര്യാദ നടന്നുപോകുമാറുള്ള ഒരു കർമ്മപദ്ധതി ഉണ്ടായിരിക്കണം. മനുഷ്യസമുദായത്തിന്ന് ഇപ്പോഴും സമാധാനപരമായിട്ടുള്ള ജീവിതമാണോ ആഗ്രഹമെന്ന നിശ്ചയമില്ല. ഏതായാലും ഒരു കാര്യം തീർച്ചതന്നെ; ഒരു രാഷ്ട്രത്തിന്നോ ഗവർമ്മേണ്ടിന്നോ തന്റെ കാര്യം തീർച്ചപ്പെടുത്തുവാനുള്ള അധികാരം തനിക്കുതന്നെയാണെന്നുള്ള നയം ലോകസമാധാനത്തിന്ന് വിപരീതമായ തത്വമാണെന്ന സംഗതി ഇനിയും ആരും മനസ്സിലാക്കീട്ടുണ്ടെന്ന് തോന്നുന്നില്ല. ലോകസമാധാനത്തിന്റെ നിലനില്പിന്ന് അനവധി പ്ലാനുകൾ ഉണ്ടായിട്ടുണ്ട്; അവയിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങൾ മദ്ധ്യസ്ഥത പറഞ്ഞു തീർക്കുവാനുള്ള ലീഗ് ഓഫ് നേഷൻസ് സമിതിയുമായിരുന്നു ഏററവും നല്ലതു്. പക്ഷെ അത്യാഗ്രഹികളും ധൂർത്തന്മാരുമായവരെ ഒതുക്കുവാൻ ഇതിന്നു സാധിച്ചില്ല.

ഈ തോലിക്ക് പല കാരണങ്ങളും പറയുന്നുണ്ട്. സർവ്വരാഷ്ട്രസമിതി ആത്മാർത്ഥമായി പ്രവൃത്തി ചെയ്യിട്ടില്ലെന്നാണ് ഒരു കാരണം. നിയമം തെററിച്ചാൽ ഉള്ള ഭവിഷ്യത്തിനെ നിയമത്തിന്നു വിരോധമായി നടക്കുന്നവരുടെ നേരെ പ്രയോഗിക്കുവാൻ ശക്തരായ രാഷ്ട്രങ്ങൾ തെയ്യാറുണ്ടായിരുന്നില്ല. രണ്ടാമത്തെ കാരണം പറയുന്നതു് യുദ്ധംകൂടാതെ നിയമവിരോധം ചെയ്യുവരെ ശിക്ഷിക്കാൻ നിവൃത്തിയില്ലെന്നും, അങ്ങിനെ യുദ്ധം വരുത്തിക്കൂട്ടുകയാണെങ്കിൽ സർവ്വരാഷ്ട്രസമിതിയുടെ ഉദ്ദേശം നിഷ്ഫലമാണെന്നും ഉള്ള ന്യായമാണ്. യുദ്ധം വേണ്ട, യുദ്ധം ചെയ്യാൻ ശക്തരായ രാഷ്ട്രങ്ങൾ ഒരുങ്ങിയിരിക്കുന്നുവെന്നു പ്രത്യക്ഷപ്പെട്ടാൽ മതി, എന്നാൽ അക്രമികൾ ഒതുങ്ങിക്കൊള്ളുമെന്നാണ് ഇതിന്നൊരു പ്രതിന്യായം ചിലർ പറയുന്നതു്. ഇതിന്നർത്ഥമില്ലെന്നില്ല. ഐക്യരാഷ്ട്രങ്ങൾ 1939 ലൊ, 1935 ലോ, 1931 ലോ ഇന്നത്തെപോലെ ഒത്തൊരുമിച്ചുകൊണ്ടായിരുന്നുവെങ്കിൽ അക്രമികൾ പോളണ്ടിനേയോ, അബിസീനിയേയോ, മഞ്ചൂക്കോവിനേയോ ആക്രമിച്ചിരുന്നില്ല. പക്ഷെ, ഈ വക ന്യായങ്ങൾ എത്രതന്നെ സാധൂകരിക്കാമെങ്കിലും ലോകത്തിൽ പൊതുസമാധാനമെന്നുവെച്ചാൽ യുദ്ധത്തിന്നൊരുക്കമെന്ന വ്യാഖ്യാനം കൂടാതെ കഴികയില്ല; യുദ്ധത്തിന്നൊരുങ്ങുകയെന്നുവെച്ചാൽ പടക്കോപ്പുകൾ ശേഖരിക്കുകയെന്നാണ്. സമാധാനപരമായി ജീവിക്കാനിച്ഛിക്കുന്ന രാഷ്ട്രങ്ങൾ ഇന്ന് പണം വെള്ളംപോലെ ചെലവുചെയ്യുന്നുണ്ടെങ്കിലും തലക്കു വെളിവില്ലാത്ത ഒരു ധൂർത്തന്നു ശാന്തമായ ജീവിതം ഇല്ലാതാക്കിതീർക്കുന്നതിന്നുമാത്രം പണം ചെലവാക്കാൻ അവർ ഒരുങ്ങുകയില്ല.

ഇവിടുന്നങ്ങോട്ടുള്ള കാലത്തു് സമാധാനപരിപാലനത്തെപ്പററി ചിന്തിക്കുമ്പോൾ ഒരുവന്റെ ധിക്കാരശക്തിയെ അമർത്തുവാൻ ലോകത്തിൽ പൊതുവേയുള്ള ജനശക്തിയെ ഉപയോഗിക്കേണ്ടിവരുമെന്നുള്ള സംഗതിയാണ് പ്രധാനമായി കാണുന്നതു്. ചരിത്രം നോക്കിയാൽ നമ്മുടെ ഇതേവരെയുള്ള അനുഭവവും ഈ നിലക്കുള്ളതായിരിക്കും. ഒരാളെ സംബന്ധിച്ചു് ഇങ്ങിനെയാണെങ്കിൽ, ഒരു രാഷ്ട്രത്തെ സംബന്ധിച്ചും ഇതുപോലെത്തന്നെയാകുന്നു. പക്ഷെ ലോകശക്തിയെ ഒരു രാഷ്ട്രത്തിന്റെ നേരെ ചെലുത്തുന്നതു് യുദ്ധംകൊണ്ടല്ലാതെ സാധിക്കയില്ല. ഒരാളെയാണെങ്കിൽ ആയാളെ കോടതിമുമ്പാകെ കൊണ്ടുവരാമല്ലോ എന്നു പറയുമായിരിക്കാം. എന്നാൽ ഒരു രാഷ്ട്രം ധിക്കാരമായി അന്യരാഷ്ട്രങ്ങളോടു് യുദ്ധത്തിന്നു ചെല്ലുന്നതു് പ്രസ്തുത രാഷ്ട്രത്തിലെ ജനത മുഴുവൻ ഒത്തൊരുമിച്ചിട്ടല്ലെന്നു നാം മനസ്സിലാക്കണം. അല്പം ചിലരുടെ വിദ്വേഷങ്ങൾ പുലർത്തേണ്ടതിന്നായിരിക്കും. അതിനാൽ ഈ വിദ്വേഷികളെ ആരാഞ്ഞറിഞ്ഞു് അറസ്റ്റ് ചെയ്തു് ലോകക്കോടതിമുമ്പാകെ കൊണ്ടുവരുവാൻ ഒരു സർവ്വരാഷ്ട്ര പോലീസ് സംഘം അത്യാവശ്യമാണ്.

ഒരു രാഷ്ട്രത്തിന്റെ നേരെ കൈക്രിയക്കു ഒരുങ്ങുകയാണെങ്കിൽ യുദ്ധംകൂടാതെ ആയതു് സാദ്ധ്യമല്ല, എന്നാൽ ആ രാഷ്ട്രത്തിൽ യുദ്ധകാംക്ഷികളായവരെ പിടിക്കാനും ലോകക്കോടതിമുഖാന്തരം ഹാജരാക്കാനുമുള്ള ശക്തിയുണ്ടെങ്കിൽ യുദ്ധത്തിന്നാവശ്യവും ഉണ്ടായിവരുന്നതല്ല. ഇത്തരത്തിലുള്ള ഒരു പോലീസ് സംഘടനയുണ്ടായാൽ ഓരോ രാഷ്ട്രത്തിലും മേലിൽ വലുതായ സൈന്യത്തിന്റെ ആവശ്യമെന്തു്? ഇതു ലോകത്തിൽ നടപ്പിൽ വരുത്താൻ അസാദ്ധ്യമാണെന്ന് ആരും കരുതേണ്ട; അമേരിക്കയിൽ ഇന്നു നടപ്പുള്ള സമ്പ്രദായം ഏതാണ്ടു് ഇങ്ങിനെയാണ്. അമേരിക്കയിലെ നാല്പത്തെട്ടു സ്റ്റേയിററുകൾ ഉള്ളതിൽ ഏതെങ്കിലും ഒരു സ്റ്റേയിററിന്നു് മറെറതിന്റെ നേരെ വല്ല വിദ്വേഷവുമുണ്ടെങ്കിൽ ആയതു് യുദ്ധംചെയ്തു് തീർക്കുവാനുള്ള അധികാരമില്ല. ഓരോ സ്റ്റേയിററിലും പോലീസ് സംഘടനയുള്ളപോലെത്തന്നെ ഒരു ഫെഡറൽ പോലീസ് സംഘവും അമേരിക്കയിലുണ്ടു്.



ഇതൊരു വിമാന വിനാശിനി തോക്കാണ്. ഈ തോക്കിന്നു് കുഴലുകൾ അനവധി. എല്ലാ കുഴലുകളും ഒരേ സമയത്തു് പ്രവർത്തിക്കും. ഇതിൽനിന്നു പോകുന്ന ഉണ്ടകൾക്കു "റോക്കററ്" എന്നു പറയുന്നു. ഇതിനെ ഒന്നായി ഏതു സ്ഥലത്തും എത്തിക്കുമാറുള്ള ചക്രങ്ങളിന്മേലാണ് കയററിയിരിക്കുന്നതു്.

# കൊടുമല കുങ്കി

## കേരളീയ പുരാതന ധീരവനിതയുടെ ചരിത്രാംശം

(കെ. പി. രഘുനാഥ്)

സ്ഥലം--തച്ചോളി മേപ്പ

രംഗം I

(തച്ചോളി മേപ്പയിൽ ചന്തുക്കുറുപ്പും അമ്മാമനും ഇരിക്കുന്നു)

ചന്തു: അല്ലയൊ അമ്മാമ! വടകര ബപ്പൻ നമുക്കു കൊല്ലത്താൽ തരാറുള്ള പാട്ടപ്പണം മുതലായതു രണ്ടു കൊല്ലമായി തരാത്ത്. ആയതു പോയി ബപ്പനോടു ചോദിച്ചു വാങ്ങിവരണം. അതിന്നു് ഞാനും കണ്ടാച്ചേരി ചാപ്പനുംകൂടി പോയിവരാം. അമ്മാമന്നു സമ്മതം തന്നെയൊ?

അമ്മാ: ചന്തു! വടകര ബപ്പൻ നാട്ടിൽ പുളപ്പുള്ള മാപ്പിളയാണു്. എന്റെ മരുമകൻ ഒതേനൻ മരിച്ചതിൽപിന്നെ അവൻ ശരിയാംവണ്ണം പാട്ടം, വാരം മുതലായവ തന്നിട്ടില്ല. അവൻ കുറുമ്പുള്ള ഒരുവനായതിനാൽ അവനോടു പറഞ്ഞു ജയിക്കുവാൻ നിന്നാൽ ആവതല്ല. ആയതിനാൽ നീ അങ്ങട്ടു പോവേണ്ട.

ചന്തു: ഒരു കാര്യത്തിന്നു പുറപ്പെടുമ്പോൾ അമ്മാമൻ പലതും പറഞ്ഞു മുടക്കും. കെട്ടികൊണ്ടുവന്നാൽ ആയതു ആശീർവ്വദിച്ചു വാങ്ങും. ഇതു നിങ്ങളുടെ സ്വഭാവമാണു്.

അമ്മാ: ശരി, അപ്പാ! നിന്റെ ഇഷ്ടംപോലെ ആവട്ടെ; പോയി വരൂ.

(അമ്മാമനോടു അനുവാദവും വാങ്ങി ചന്തുവും ചാപ്പനും പുറപ്പെട്ടുപോകുന്നു.)

(യവനിക)

സ്ഥലം--വടകര ബപ്പന്റെ പീടിക.

(ചന്തുവും ചാപ്പനും പ്രവേശിക്കുന്നു--ബപ്പൻ ആചാരോപചാരത്തോടെ രണ്ടു പേരേയും ആദരിച്ചു ഇരുത്തുന്നു.)

ബപ്പൻ: അവിടുന്നു എങ്ങോട്ടേക്കാണു് പുറപ്പാടെന്നറിയുന്നില്ല. ഇവിടേക്കുതന്നെ വന്നതായിരിക്കാം.

ചന്തു: അതെ!

ബപ്പൻ: അവിടുന്നെന്താണു് ഇപ്പോൾ ഇങ്ങോട്ടു എഴുന്നെള്ളുവാൻ കാരണമെന്നറിയുന്നില്ല

ചന്തു: മറ്റൊന്നുമല്ല. ഒതേനൻ അമ്മാമൻ മരിച്ചതിൽപിന്നെ മേപ്പയിലേക്കുള്ളതായ വാരം, പാട്ടം മുതലായതു എത്തിച്ചുകാണാത്തതിനാലാണു്, ഞാനിങ്ങോട്ടു വരുവാൻ ഇടയായതു്. ആയതു എന്തുകൊണ്ടാണു് അയക്കുവാൻ താമസിച്ചതു?

ബപ്പൻ (സംഭ്രമത്തോടെ): ഞമ്മൾക്കു ഇവിടെ വലിയ ബുദ്ധിമുട്ടുകൾ വന്നതിനാലാണു് അയക്കാതിരുന്നതു. ഇതിന്നായിട്ടു എന്തിന്നാണു് കുറുപ്പു് ഇപ്പോൾ ഇതുവരെ വന്നതു? ആളെയൊ അല്ല ഓലയൊ അയച്ചാൽ മതിയായിരുന്നുവല്ലൊ.

ചന്തു: അതൊക്കെ ശരിതന്നെ; പക്ഷെ നിന്നെ കണ്ടുപോവാനുള്ള ആഗ്രഹംകൊണ്ടു ഞാനിവിടംവരെ വന്നതാണു്.

(ചന്തുക്കുറുപ്പു ശ്രദ്ധിച്ചുനില്ക്കുന്നു--കൊടുമല കുങ്കിയും പതിനാറു പിണാത്തിമാരും ആ വഴിയെ കുളിക്കുവാൻ വരുന്നു.)

ചന്തു: ഹെ! ബപ്പാ! ആ വരുന്ന പെണ്ണേതാണു്. രാജാവിൻ മകളൊ മരുമകളൊ അല്ല മന്ത്രിയുടെ മകളൊ മരുമകളൊ? ഹാ! അവളുടെ അഴകു എന്തൊരഴകാണു്. ആ പെൺകൊടി മേപ്പക്കു ചേർന്നവൾ തന്നെ.

ബപ്പൻ: അയ്യോ! പറയല്ലെ--ആ കാര്യത്തിന്നുമാത്രം നിങ്ങൾ തുടങ്ങരുതെ--പൊൻമല വാഴുന്ന കണ്ണന്റെ ഭാര്യയാണു്--കൊടുമല വാഴുന്ന കുങ്കന്റെ പെങ്ങളുമാണു്. ഇവളാണു കുങ്കി. കണ്ണൻ അറിഞ്ഞാൽ തച്ചോളി മേപ്പ അവൻ കുളം കഴിക്കും--അവനോടും കുങ്കനോടും ഇന്നു എതിർ നില്ക്കാൻ മൂന്നു ലോകത്തിലും ആളല്ല.

ചന്തു: വരുമ്പോലെ വരട്ടെ! നീ ഉടനെ സാമാനങ്ങൾ മുഴുവനും മേപ്പയിലേക്കു അയക്കൂ. തലക്കു തേപ്പാൻ ചാപ്പനും എനിക്കും കുറേശ്ശ എണ്ണ തരൂ.

(ബപ്പൻ വാരം, പാട്ടം മുതലായവ ചുമടുകളാക്കി കാളപ്പുറത്തു കടത്തനാട്ടേക്കു അയക്കുന്നു. ചന്തുവിന്നും ചാപ്പനും എണ്ണ കൊടുക്കുന്നു) (മനോഗതം--ഏതായാലു ചന്തുവിന്റെ കഥ ഇതോടെ കഴിയും. അതിന്നായിട്ടാണു ഈ ഏപ്പാടു. ചന്തുവിന്റെ കഥ അവസാനിച്ചാൽ പിന്നെ വാരത്തിന്നും പാട്ടത്തിന്നും ആരും ഇങ്ങോട്ടുമില്ല.)

ചന്തു: എന്നാ ബപ്പാ, ഞങ്ങൾ പോയിവരട്ടെ. ഇനി വിധിയുണ്ടെങ്കിൽ കാണാം.

ബപ്പൻ: നാൽ കുളിച്ചും മററും ബദീൻ--ഹഖ പടച്ചവൻ നിങ്ങളെ കാക്കട്ടെ. (ചന്തുവും ചാപ്പനും പോകുന്നു--ബപ്പൻ പുഞ്ചിരിയിടുന്നു.)

രംഗം II

സ്ഥലം--കുളക്കടവു

(കൊടുമല കുങ്കിയും പിണാത്തിമാരും കുളിച്ചുകൊണ്ടു നില്ക്കുന്നു. ചന്തു കുറുപ്പും ചാപ്പനും പ്രവേശിക്കുന്നു)

ചന്തു: ഹെ! സ്ത്രീരത്നമേ! ഒരുതല എണ്ണ ഞങ്ങൾ തേച്ചിരിക്കുന്നു. ആയതിനാൽ ഒരു തലക്കു താളി നീ തരുമോ?

കുങ്കി: നിനക്കായി ഞങ്ങൾ താളി കൊണ്ടുവന്നിട്ടില്ല.

ചന്തു: നീ തേക്കുന്നതിൽ പകുതി മതി.

കുങ്കി: ആണും പെണ്ണുമല്ലാത്തവനെ! ഞങ്ങൾ തേച്ചതിന്റെ കൊളമ്പു കുളക്കടവിലെ ഓവിക്കൂടി ഒഴുകിപോകുന്നുണ്ടു. അവിടെ മുണ്ടുകാട്ടി അരിച്ചെടുത്തോളൂ.

(ചന്തുവിന്നു കോപം മുഴക്കുന്നു. ഇളംമുരുക്കിന്റെ കൊമ്പു കൊത്തി പിടിച്ച സ്ഥലംവരെ മുള്ളുതെരക്കി കുളത്തിലിറങ്ങി കുങ്കിയുടെ തലമുടി ചുററിപ്പിടിച്ചു അടിക്കുന്നു.)

കുങ്കി: അയ്യോ! എന്നെ അടിക്കരുതെ--ഞാൻ ഒരാളെ അറിയാതെ പറഞ്ഞുപോയതാണു്. തെററു ക്ഷമിക്കണം. (ചന്തു വീണ്ടും അടിക്കുന്നു.)

കുങ്കി (ചാപ്പനെ നോക്കികൊണ്ടു): ഹെ! ചാപ്പൻ നായരെ! അവിടുന്നെങ്കിലും പറഞ്ഞു സമാധാനിപ്പിക്കേണമെ--അബലകളായ പെണ്ണുങ്ങൾ വല്ലതും പറഞ്ഞാൽ ബുദ്ധിമാന്മാരായ പുരുഷന്മാർ ആയതു ക്ഷമിക്കേണ്ടതല്ലെ? അതല്ലെ പുരുഷധർമ്മം?

ചാപ്പൻ: മതിയെടാ ചന്തു! പുരുഷന്മാരായാലും കുറച്ചു ക്ഷമവേണം. (ചന്തു തല്ലു് മാററി കുങ്കിയുടെ കയ്യും പിടിച്ചു കയറി വരുന്നു.)

ചന്തു: എന്നാൽ ചാപ്പാ ഇനി പോകയല്ലേ.

ചാപ്പൻ: പോവുകതന്നെ.

രംഗം III

സ്ഥലം--കൊടുമല കുങ്കന്റെ കോട്ട

(ദാസിമാർ അലമുറയിട്ടുകൊണ്ടു കുങ്കന്റെ മുമ്പിൽ എത്തുന്നു)

കുങ്കൻ: ഹേ! ദാസിമാരെ! നിങ്ങൾ എന്തിനാണിങ്ങിനെ കരയുന്നതു.

ദാസിമാർ: കുങ്കിയെ കൊണ്ടുപോയിരിക്കുന്നു.

കുങ്കൻ: ആരാണവളെ കൊണ്ടുപോയതു്? ഇത്രയും ധീരശൂരനായ ഒരുവൻ--അതെ, കൊടുമലയോടും പൊന്മലയോടും എതിർത്തു നില്ക്കുവാൻ ധൈര്യമുള്ളവൻ--അവൻ ആരാണു്?

ദാസിമാർ: തച്ചോളി ഒതേനക്കുറുപ്പിന്റെ മരുമകൻ ചന്തു കുറുപ്പാണു്; പിടിച്ച പിടിയാലാണു് കൊണ്ടുപോയതു്.

കുങ്കൻ: കോപത്തോടെ--ഹേ! നരാധമാ! എല്ലാവരോടും കളിക്കുംപ്രകാരമാണോ കൊടുമലയോടും കളിക്കുന്നതു? തച്ചോളി മേപ്പ തട്ടിനിരത്തി കുളം കഴിക്കുവാൻ ഇട

യാക്കി തീൎത്തു നമ്മുടെ പൂൎവ്വവൈരം—ആ പക—വീട്ടുവാനുള്ള അവസരം ഇതുതന്നെയാണ്. ആരവിടെ ?

ഒരു നായർ : റാൻ—

കങ്കൻ : ഉടനെ ഓടിപ്പോയി പൊൻമല വാഴുന്ന കണ്ണനോടു അവൻെറ പടയൊരുക്കത്തോടുകൂടി വരാൻ പറയൂ. ഇതാ ഓല. ഇതു കൊടുത്താൽ മതി—ഹും. ക്ഷണമാവട്ടെ. ഹേ! പടനായർ എവിടെ ?

സേനാപതി (പ്രവേശിച്ചു) : റാൻ. അടിയൻ ഹാജരുണ്ട്.

കങ്കൻ : ഹേ! പടനായരേ! നമ്മുടെ പട്ടാളം മുഴുവനും തയ്യാറാക്കുക—ഒരമ്പു ചുട്ടേയ്യും അമ്പാടികളും, ഓട്ടുചുണ്ടേയ്യും ഓടായികളും. ബാക്കി പടവീരന്മാർ പന്ത്രണ്ടായിരവും തയ്യാറാവുകതന്നെ. തച്ചോളി മേപ്പയിൽ നമുക്കു കുളം കുഴിക്കണം, വേഗമാവട്ടെ.

പടനായർ : റാൻ കല്പനപോലെ. (പോകുന്നു.)

(യവനിക.)

സ്ഥലം—പൊന്മല.

പൊന്മലവാഴും കുഞ്ഞിക്കണ്ണൻ കളരിക്കോലായയിൽ ഇരിക്കുന്നു.

ഒരു നായർ പ്രവേശിച്ചു, വണങ്ങി നില്ക്കുന്നു.

കുഞ്ഞിക്കണ്ണൻ : ഉം! എന്തെ, എവിട്ന്നാ വരുന്നതു്.

നായർ : റാൻ—കൊട്ടമലയിൽനിന്ന്.

കുഞ്ഞി : എന്താ വിശേഷം ?

നായർ : ഒരു ഓല തന്നിട്ടുണ്ട്.

കുഞ്ഞി : ഓല ഇങ്ങട്ടു തരൂ. (ഓല വാങ്ങി വായിക്കുന്നു. കണ്ണുമിഴി പറിഞ്ഞ മരംപോലെ മറിഞ്ഞുവീഴുന്നു. വീണ്ടും ബോധം വന്നിട്ടു) :

ധിക്കാരം; ധിക്കാരത്തിൻെറ ശക്തി എന്നല്ലാതെ മറെറന്തു, പറയുവാനാണ്. തച്ചോളി മേപ്പ നിരപ്പാക്കി കുളം കുഴിക്കുവാനും ചന്തുവിൻെറ തലകൊണ്ടു കാരകളിക്കുവാനുംപററിയ അവസരം ഇതുതന്നെയാണ്. —ഹാ! ദുൎമ്മതിയായ ചന്തു! നിനക്കു സിംഹത്തിൻെറ പെണ്ണിനോടല്ലെ കളിക്കുവാൻ തോന്നിയതു—പൊൻമല വാഴുന്ന കണ്ണൻെറ വാളിന്നു നിൻെറ തല പലഹാരമാകട്ടെ!! ഹേ! പടവീരന്മാർ പന്ത്രണ്ടായിരവും പുറപ്പെടുവിൻ; ക്ഷണമാവട്ടെ! തെല്ലുപോലും താമസിക്കരുതു. ഉം, വേഗം വേഗം.

(പൊൻമല വാഴുന്ന കണ്ണനും കൊട്ടമല കങ്കനും ഇരുപത്തിനാലായിരം പട്ടാളവും കടത്തനാട്ടു തച്ചോളി മേപ്പക്കു ലക്ഷ്യംവെച്ചു ജൈത്രയാത്ര പോകുന്നു.)

## രംഗം IV

സ്ഥലം—തച്ചോളി മേപ്പ

(മേപ്പയുടെ മാളികമുറി—ചന്തുവും കുങ്കിയും രഹസ്യസല്ലാപങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു)

കുങ്കി (ചെവി ഓൎത്തുകൊണ്ടു) : ഹെ! കുറുപ്പെ! കാൎയ്യം അവതാളത്തിലായി- അതാ ഓൎത്തുനോക്കൂ ഒരു പടമുഴക്കം കേൾക്കുന്നു—എൻെറ ആങ്ങളയും നായരുമൊത്തുചേൎന്നുള്ള വരവാണ്. വേണ്ടതു വേഗം പ്രവൃത്തിച്ചോളൂ.

(ചന്തു ഞെട്ടി എഴുന്നേററു. കോണിപ്പടി ചടചട എന്നു ചാടി ഇറങ്ങി പയ്യമ്പള്ളി ചന്തുവിൻെറ അടുക്കലേക്കു ഓടുന്നു.)

പയ്യമ്പള്ളി : എന്താണെടൊ ഈ കൊടുംവെയിലിന്നു ഇങ്ങട്ടുവന്നതു. മുഖത്തു ഒരു വല്ലാത്ത നിരാശ കാണുന്നു. വല്ല പെണ്ണുങ്ങളും ചതിച്ചോ ? അല്ല വല്ല മാററാനുമായി പടകുറിച്ചോ ?

(ചന്തു വിവരങ്ങൾ മുഴുവനും പയ്യമ്പള്ളിയോടു പറയുന്നു.)

പയ്യമ്പള്ളി : ഹേ! എന്നാൽ മരക്കാരുടെ അടുക്കലേക്കും പുതിയടത്തു ചന്തുവോടും കുഞ്ഞിക്കണ്ണനോടും വരാൻ വിവരം അറിയിക്കൂ. ഏതായാലും കൊട്ടമലക്കാരുമായി ഒരു കയ്യ് നോക്കികളയാം!

ചന്തുകുറുപ്പ് അവിടെക്കെല്ലാം ആളയക്കുന്നു. എല്ലാവരും യുദ്ധസന്നാഹത്തോടുകൂടി മേപ്പയിൽ എത്തി. കൊട്ടമലക്കാരുടെ പട പടക്കളത്തിൽവന്നു നിറയുന്നു. പിറെറന്നു ബാലാരുണൻ ചെങ്കതിർകണങ്ങൾ വീശി മേപ്പ ആകമാനം ചെന്നിണമാക്കികൊണ്ടു ഉദിച്ചു പൊങ്ങുന്നു. കൊട്ടമലക്കാർ പടഹമടിക്കുന്നു. ചന്തുകുറുപ്പിൻെറ സൈന്യം കൊട്ടമല കങ്കൻെറ സൈന്യവുമായി ഏററുമുട്ടി. രണ്ടുപേരും ജീവനിൽ കൊതിയില്ലാത്തവിധം വീറോടുകൂടി ആഞ്ഞടിക്കുന്നു. തലങ്ങും വിലങ്ങുമായി രണ്ടു പക്ഷത്തും പടനായന്മാർ വീണു മരിച്ചു. പയ്യമ്പള്ളി ചന്തു, മരക്കാർ മാപ്പിള മുതലായ പടവീരന്മാർ അസ്ത്രശസ്ത്രങ്ങൾ ഏററു ബോധമററു നിലം പതിച്ചു. കണ്ടുനിന്ന ചന്തുകുറുപ്പു വാളും പരിചയുമായി ഏഴുനില മാളികമുകളിൽനിന്നു പടകളി മുററത്തു ചാടി വീഴുന്നു.

കുഞ്ഞിക്കണ്ണൻ (ചന്തുവിനെക്കണ്ടപ്പോൾ ക്രോധത്തോടുകൂടി) : എടാ! കഴുതേ! എന്തു കരുതീട്ടാണ് നി എൻെറ പെണ്ണിനെ കട്ടുകൊണ്ടു വന്നതു്. ചോദിക്കാൻ ആരുമില്ലെന്നു കരുതിയൊ ? അല്ല നീ മാത്രമെ ഒരു പയററു അറിയുന്ന കുറുപ്പുള്ളുവെന്നു കരുതിയൊ ? ഒരു പെണ്ണിനെ കാംക്ഷിക്കകാരണം യാതൊന്നുമറിയാത്ത എത്ര പടവീരന്മാരാണ് വീൎയ്യസ്വൎഗ്ഗം പ്രാപിക്കുകയും പകുതി ജീവനോടെ ചാവാതെ ചത്തുകിടക്കുകയും ചെയ്യുന്നതു്. പുരുഷന്മാരായാൽ അഞ്ചു മോഹങ്ങളും അടക്കുവാനുള്ള മനഃശക്തി വേണം. ഏതായാലും ഇറങ്ങ്, നാം തമ്മിൽ ഒരു കയ്യു നോക്കാം.

(ചന്തുവും കണ്ണനും വീറോടുകൂടി ആഞ്ഞടുക്കുന്നു. മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടുംപ്രകാരമൊ രാമരാവണയുദ്ധംപോലേയൊ ഹിററ്ലർ-റഷ്യ യുദ്ധംപോലെയൊ ഭയങ്കരമായ അടവുകൾ എടുത്തും കൊടുത്തും തടുത്തും യുദ്ധം ഘോരമായി. ചന്തു വാടിതളരുന്നു.)

(മാളികമുകളിൽനിന്നു കുങ്കി കോവണിപ്പടി ഓടി ഇറങ്ങുന്നു.)

കുങ്കി : ഹേ! ചാപ്പന്നോരെ! ഉടനെ എനിക്കു ആൺചമയം തരൂ. ഞാനൊരുവൾ കാരണം കുറുപ്പ് ഇപ്പഴ് മരിക്കും. കുറുപ്പു മരിച്ചാൽപിന്നെ മേപ്പയുടെ പേരും പെരുമയും ഇതോടെ അസ്തമിക്കും. അതിന്നുമുമ്പായി ഞാൻ പോയി കുറുപ്പെ രക്ഷിക്കട്ടെ!

(കണ്ടാച്ചേരി ചാപ്പൻ ഉടനെ കുങ്കിക്കു ആൺചമയം കൊടുക്കുന്നു. വാളും പരിചയുമെടുത്തു ഒരു ധീരയോദ്ധാവ് ചന്തുവോടടുക്കുന്നു. ചന്തുവിനെ തട്ടി പിന്നിലാക്കി ആ ധീരൻ കണ്ണനോടെടുത്തു.)

കണ്ണൻ : ഹാ! എന്നെ ചതിച്ചു. ഇതാണ് ക്രൂരസൎപ്പത്തെ വിശ്വസിച്ചാലും പെണ്ണിനെ വിശ്വസിക്കരുതെന്നു ശാസ്ത്രം ഘോഷിക്കുന്നതു്. ശാസ്ത്രം ഒരു കാലവും പിഴവല്ല. നീ ഒരുവൾ കാരണം ഇന്നെത്ര ധീരഭടർ യമപുരിക്കു യാത്രയായി. എനിക്കറിയുന്ന സകല വിദ്യകളും നിന്നെ—കുലടയായ നിന്നെ—അഭ്യസിപ്പിച്ചതിൻെറ ഭവിഷ്യൽഫലം ഇതാണൊ ? കഷ്ടം, കഷ്ടം.

കുങ്കി : ഹേ! മനുഷ്യപ്രഭോ ? അങ്ങു പറയുന്നതു വാസ്തവമാണെന്നിരിക്കിലും ഒരു പുരുഷനെ—അദ്ദേഹത്തെ ഞാൻ തൊട്ടുകഴിഞ്ഞു—ആപത്തിൽനിന്നു രക്ഷിക്കേണ്ടതായ കടമ എനിക്കുള്ളതാണ്. ഈ കുലടയായ ഞാൻ അങ്ങയൊടു എന്നെ രക്ഷിപ്പാനൊ എനിക്കു വേണ്ടി അവിടുത്തെ വിലയെറിയ വീരഭടന്മാരെ നശിപ്പിക്കുവാനൊ ആവശ്യപ്പെട്ടുവോ ? ഇതു പടക്കളമാണ്. സംസാരിച്ചു നില്ക്കേണ്ട ഇടമല്ല. ഏതായാലും നാം തമ്മിൽ ഒന്നു പൊരുതുകതന്നെ.

(കുഞ്ഞിക്കണ്ണൻെറ പടയാളികൾ പലവിധമായ അസ്ത്രങ്ങൾ അയക്കുന്നു. അമ്പുകൾ മുഴുവൻ ആ ധീരവനിത നനമുണ്ടു കയ്യിൽ ചുരുട്ടിവെച്ചു പിടിക്കുന്നു. മേപ്പയുടെ മുററം അസ്ത്രങ്ങളാൽ നിറഞ്ഞു.)

കുങ്കി : അല്ലയൊ ? എൻെറ ജ്യേഷ്ഠാ! അവിടുന്നെന്തിനാണിതിലേക്ക് ഇറങ്ങുന്നതു്. താങ്കളും സൈന്യങ്ങളും ഒന്നു മാറിനില്ക്കൂ.

(കണ്ണനും കുങ്കിയും ഈററപ്പുലിപോലെ ആൎത്തടുക്കുന്നു. കണ്ണൻ നിലത്തുനിന്നു നിലവിട്ടും കുങ്കിയുമായി പോരുതുന്നു. ഒടുവിൽ ഭദ്രകാളി സേവക്കാരിയായ കുങ്കി ഭദ്രയെ മനസ്സിൽ വിചാരിച്ചു—അതാ അവളുടെ കയ്യിൽ ഭദ്രായുധം—കുങ്കി ധീരതയോടെ കണ്ണനുമായി കൂട്ടിമുട്ടി—ആയുധത്താൽ കണ്ണൻെറ തലക്കു ലക്ഷ്യംവെച്ചു വെട്ടുന്നു. തല ഉടലിൽനിന്ന് വേൎപ്പെട്ടു നിലം പതിക്കുന്നു. കുങ്കി വാടി തളരുന്നു. ചന്തുക്കുറുപ്പ് കുങ്കിയെ താങ്ങി എടുത്തു ചെന്തെങ്ങിൻ ഇളനീർ വെട്ടി കസ്തൂരി കലൎത്തി കുടിക്കുവാൻ കൊടുക്കുന്നു.)

കങ്കൻ (അടുത്തുവന്നു) : അല്ലയൊ കുഞ്ഞികുങ്കി നീയ്യ് ചെയ്യതൊക്കെ എന്താണ്. സ്വന്തഭൎത്താവിനെ വധിക്ക എന്നതു എന്തൊരു കഷ്ടമാണ് ?

കുങ്കി : ജ്യേഷ്ഠാ! വ്യസനിക്കുവാൻ ഒന്നുമില്ല. ചന്തുവിനെ കണ്ടമാത്രയിൽ എൻെറ മനസ്സു ചന്തുവിൽ ലയിച്ചു. അദ്ദേഹം എന്നെ പിടിച്ചുപിടിയാലെ കൊണ്ടുവരികയുംചെയ്തു. ഏതായാലും അന്യപുരുഷൻ എൻെറ ദേഹം തൊട്ടു. എനിക്കു ഭ്രഷ്ടായി. എന്നാൽ അവൾ ആ വഴിയെ പോവട്ടെ എന്നു കരുതിയില്ല. ആ നായരെ എന്നല്ല ആ വംശവുംകൂടി നശിപ്പിക്കേണമെന്നു കരുതി പ്രവൃത്തിക്കുന്നതു കഷ്ടമാണ്. വരേണ്ടതൊക്കെ വന്നുകഴിഞ്ഞു. ഇനി ഭാവിയിലേക്കുള്ളതു് ചിന്തിക്കുകതന്നെ

കുങ്കൻ : ഞാൻ പോവുകയാണ്. നീയ്യും ചന്തുവും സുഖമായിരിക്കു.

കുങ്കി : ജ്യേഷ്ഠാ, രണ്ടു ദിവസം താമസിച്ചുപോവാൻ ഇടയില്ലെ. എന്താ ഇത്ര തിടുക്കം ?

കുങ്കൻ : താമസിക്കുവാൻ ഇടയില്ല ; ഞാൻ പോവട്ടെ. വിധിയുണ്ടെങ്കിൽ നമുക്കു അടുത്തു കാണാം. (കുങ്കനും പട്ടാളവും പോകുന്നു.)

## രംഗം V

സ്ഥലം—മേപ്പയുടെ ഒരു മുറി

(കുങ്കിയും ചന്തുവും മഞ്ചത്തിൽ ഇരുന്നുകൊണ്ട്)

കുങ്കി : അല്ലയൊ കുറുപ്പെ, കാര്യം ഇങ്ങിനെ ആയിതീർന്നുവെന്നിരിക്കിലും ഇനി ഒരു സംഗതി പ്രത്യേകം അവിടുന്നു ഓർക്കേണ്ടതാണ്.

ചന്തു : അതെന്താണ്, പറയു.

കുങ്കി : നിങ്ങളെ ഞാൻ ആഗ്രഹിച്ച കാരണത്താൽ എന്റെ സ്വന്തഭർത്താവിനെ ഞാൻ എന്റെ സ്വന്തകയ്യാൽ കൊന്നു. ഇനിയത്തെ സംഭവം ഭയാനകമാണ്. ആയതു എന്റെ നാത്തൂനായ പൊന്മല കുങ്കി ഈ വിവരം അറിഞ്ഞാൽ ഉടനെ ഇവിടെ എത്തും. അവർ വന്നുവെന്നാൽ എതൃത്തു ജയിക്കുവാൻ ആരാലും സാദ്ധ്യമല്ല. ദിവ്യാസ്ത്രം അവളുടെ കയ്യിലുണ്ട്. ഭദ്രകാളിയെക്കുറിച്ചു തപസ്സുചെയ്തു കിട്ടിയ ഭദ്രഭഗവതിയുടെ ആയുധവും അവളുടെ കയ്യിലുണ്ട്. അവളുടെ അസ്ത്രം അയച്ചാൽ മൂക്കും മുടിയും നശിക്കും. മാറിന്റെ അഴകു കുറക്കും. തച്ചോളിമേപ്പ ഭസ്മമാക്കിട്ടെ അവൾ മടങ്ങുകയുള്ളൂ.

ചന്തു : അല്ലയോ ! ഓമനെ ! അങ്ങിനെയുള്ള ആ ധീരവനിതയോടു എങ്ങിനെയാണെതിരിടുക. മരണത്തിൽനിന്ന് നീ എന്നെ രക്ഷിച്ചു. ഇനി ആ ധീരയെ ജയിക്കുവാനും ഒരു വഴി പറഞ്ഞുതരു.

കുങ്കി : മറെറാന്നും മാർഗ്ഗമില്ല. ഉണ്ട ഇട്ടുവെടിവെച്ചാൽ അവളുടെ മേൽകൊണ്ടു് വഴുതിതാഴെവീഴും. ആയതിനാൽ തോക്കിൽ പൊൻവാളമിട്ടു വെടിവെക്കണം. എന്നാൽ മാത്രമെ അവൾ മരിക്കു. അതുതന്നെ നേരിട്ടുനിന്ന് വെടി പൊട്ടിക്കരുതു്. കള്ളച്ചതിയാലെ മാത്രമെ അവളെ എതൃക്കാൻ നിവൃത്തിയുള്ളൂ.

ചന്തു : അതെങ്ങിനെയാണ്.

കുങ്കി : കളരിയുടെ അകത്തു ഒളിച്ചിരിക്കണം. തോക്കിൻകുഴലിന്നു ഒരു ദ്വാരവും കണ്ണുകാണുവാൻ ഒരു ദ്വാരവും ചുമരിന്നുണ്ടാക്കണം. എന്നിട്ടു പടിപ്പുര കടക്കുവാൻ വരികയും വെടിയും ഒപ്പമായിരിക്കണം.

ചന്തു : ആയതു ചെയ്യാൻ ഞാനോ നീയോ നല്ലതു്?

കുങ്കി : വേണ്ട ; ആയതു കണ്ടാച്ചേരിയെ പറഞ്ഞു ശട്ടം ചെയ്യുന്നതാണ് നല്ലതു്

ചന്തു : എന്നാൽ അങ്ങിനെതന്നെ. (കണ്ടാച്ചേരിയെ വിളിച്ചു വിവരങ്ങൾ പറയുന്നു —കണ്ടാച്ചേരി ചാപ്പൻ തോക്കുമായി കളരി അകത്തു കടന്നു ഇരിക്കുന്നു.)

## രംഗം VI

സ്ഥലം—മേപ്പയുടെ അടുത്തുള്ള അരയാൽതറ

(പച്ചക്കുതിരമേൽ അതാ വരുന്നു പൊന്മല കുങ്കി. കയ്യിൽ വില്ലും തോളിൽ അസ്ത്രങ്ങളും തൂക്കിയിട്ടു വലതുകയ്യിൽ ഭദ്രകാളി കൊടുത്ത വാളു വിറപ്പിച്ചുകൊണ്ടു് അരയാലിൻ ചുവട്ടിൽ വന്നു മേല്പോട്ടു നോക്കുന്നു. അതാ കാണുന്നു സ്വന്തസഹോദരന്റെ തല പട്ടിൽ പൊതിഞ്ഞു് തൂങ്ങികിടക്കുന്നതു്. കുങ്കി കുതിരപ്പുറത്തിരുന്നുകൊണ്ടു് ഒരായാസംപൊന്തി തലയുമെടുത്തു കുതിരമേൽതന്നെ വന്നിരുന്നു.)

കുങ്കി : ഹേ ! കുറുപ്പെ ! അതാ വരുന്നു നാത്തൂൻ. എനിക്കു ദേഹമാസകലം കോരിതരിക്കുന്നു. കണ്ടാച്ചേരിയുടെ ലക്ഷ്യം പിഴക്കുന്ന പക്ഷം എന്റെ മൂക്കും മുലയും തലമുടിയും ബാക്കിയുണ്ടാവുന്നതല്ല.

ചന്തു : ഓമനെ മിണ്ടാതിരിക്കു. കളരി പരമ്പര ദൈവങ്ങൾ നമ്മെ തുണക്കും. (പൊന്മല കുങ്കി അരിശം ചൊടിച്ചുകൊണ്ടുവന്നു പടിപ്പുര കയറുന്നു. കളരിയുടെ അകത്തുനിന്നു ഠേ— എന്നൊരു ശബ്ദം. ഹാ ! ചതിച്ചു എന്നലറികൊണ്ടു് പൊന്മല കുങ്കി കുതിരമേൽനിന്ന് താഴെ വീഴുന്നു. വീഴുന്ന വീഴലിൽ ചവിട്ടിയ ചവിട്ടുകൊണ്ടു് കളരി ഒരു ഭാഗം ചരിഞ്ഞുപോയി.

കുങ്കി : കഥ അതും അവസാനിച്ചു. ശവം ഉടനെ വലിച്ചു കിടങ്ങിലിട്ടേക്കു.

ചന്തു : ഹാ ! പ്രിയതമേ ! കുങ്കി, നീ ഒരുവൾ കാരണമിന്നു എത്രപേർ മരിച്ചു ? നിന്റെ ധീരതയാൽ ഇന്നു കാമുകനായ ഞാനും എന്റെ മേപ്പയും രക്ഷപ്പെട്ടു. നിന്നെപ്പോലുള്ള ധീരവനിതകൾ ഇനിയും കേരളക്കരയിൽ ജനിച്ചു കേരളഭൂവിന്റെ മാനം രക്ഷിച്ചു വരുമാറു ദൈവം തുണക്കുമാറാകട്ടെ.

—: (ശുഭം) :—


നോർമണ്ടി രംഗത്തിൽ ഒരു ജർമ്മൻ ടാങ്കു് വെടികൊണ്ടു പൊളിഞ്ഞു കിടക്കുന്നു. നോർമണ്ടിയിൽ ബെയോ നഗരിയിൽവെച്ചുണ്ടായ യുദ്ധത്തിൽ ഐക്യകക്ഷികളുടെ ടാങ്കുവിനാശിനിത്തോക്കുകളുടെ പ്രയോഗമാണിതു്. ഈ പടം ലണ്ടനിൽനിന്നു കെയിറോവിലേക്കു് റേഡിയോവിൽ കിട്ടുകയും അവിടെനിന്നു് വിമാനമാർഗ്ഗമായി ഇന്ത്യയിൽ എത്തുകയും ചെയ്തു.




# രണ്ടാം യുദ്ധരംഗത്തിൽനിന്നുള്ള ചില കാഴ്ചകൾ



നോർമണ്ടിയിലേക്ക് വിദഗ്ധകളായ നേർസുമാർ




ഐക്യകക്ഷി സൈന്യനേതാക്കന്മാർ കപ്പലിൽനിന്ന് ആക്രമണം കാണുന്നു



ആർ.എ.എഫ്. വിമാനങ്ങൾ എണ്ണ രണ്ടാമതും നിറക്കുന്നു. ഇവ നോർമണ്ടിക്കുള്ളവയാണ്



എയർ ചീഫ് മാർഷൽ സേർ ആർതർ ടെഡ്ഡറും, നാവൽ കമാണ്ടർ ഇൻ ചീഫ് സേർ ബർട്രാം റാംസേയും നോർമണ്ടിയിലെ വിമാനാക്രമണം നോക്കിനില്ക്കുന്നു



നോർമണ്ടി കടൽതീരം ഐക്യകക്ഷികളുടെ പടക്കോപ്പുകൾ കൊണ്ട് നിറഞ്ഞിരിക്കുന്നു



ബ്രിട്ടീഷ് കമാണ്ടോ ഭടന്മാർ നോർമണ്ടി കടൽതീരത്ത് വിശ്രമിക്കുന്നു

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.